26PG12KV.qxd 12/27/2004 12:11 PM Page 1

വേലിയിറക്കത്തിൽ പൊന്നാനി അഴിമുഖം ആദ്യമായി വറ്റിവരണ്ടപ്പോൾ

പൊന്നാനിയിൽ അഴിമുഖം വറ്റി; ആറുബോട്ടുകൾ തകർന്നു

പൊന്നാനി: 'സുനാമി' കടൽക്ഷോഭത്തെത്തുടർന്ന് പലതവണയുണ്ടായ വേലിയേറ്റവും വേലിയിറക്കവും പൊന്നാനിയുടെ തീരദേശമേഖലയിൽ ഭീതി പരത്തി. പെട്ടന്നുണ്ടായ വേലിയിറക്കത്തിൽ ഭാരതപ്പുഴ കടലിൽചേരുന്ന പൊന്നാനി അഴിമുഖവും ആദ്യമായി വറ്റിവരണ്ടു. പലതവണയുണ്ടായ കടൽക്ഷോഭത്തിൽ മീൻ പിടിച്ചുവരികയായിരുന്ന നാലുബോട്ടുകളും അഴിമുഖത്തെ മണൽത്തിട്ടയിലിടിച്ച് ഭാഗികമായി തകർന്നു. പരപ്പനങ്ങാടി കെട്ടുങ്ങൽ കടപ്പുറത്തും രണ്ടുതോണികൾ തകർന്നു.

അഷറഫിന്റെ 'ഇർഷാദ്', കെ. അബ്ദുള്ളക്കുട്ടിയുടെ 'അറഫ', മുഹമ്മതുകുട്ടിയുടെ 'റംലാബി', മുഹമ്മത്കുട്ടിയുടെ 'നൂറുൽ ഹുദ' എന്നിവയും പരപ്പനങ്ങാടിയിൽ ഒട്ടുമ്മൽ മമ്മുവിന്റെപുരക്കൽ കോയ, സദാം ബീച്ച് ചിങ്കോർ ബീരാൻകുഞ്ഞ് എന്നിവരുടെ വള്ളങ്ങളുമാണ് തകർന്നത്. പരപ്പനങ്ങാടിയിൽ പുഴയിൽ നങ്കൂരമിട്ട തോണികൾ വെള്ളം ഉയർന്നതിനെത്തുടർന്ന് കരിങ്കൽ ഭിത്തിയിലിടിച്ചാണ് തകർന്നത്.

വേലിയിറക്ക സമയമായ 11.15 ന് നേരെ തിരിച്ച് കടലിൽനിന്നും വെള്ളം പുഴയിലേക്ക് ശക്തമായി ഇരച്ചുകയറുകയായിരുന്നു. വെള്ളം കയറിയതോടെ പുറത്തൂർ പ്രദേശത്തെ തോടുകളും കാനോലി കനാലും പെട്ടെന്ന് നിറഞ്ഞുകവിഞ്ഞു. നിമിഷങ്ങൾക്കകം വെള്ളം കടലിലേക്കുതന്നെ തിരിച്ചിറങ്ങി. ഇത് വൈകുന്നേരം വരെ പലതവണ തുടർന്നു. വെള്ളത്തിന്റെ തള്ളിക്കയറ്റത്തെത്തുടർന്ന് പുറത്തൂർ ഭാഗത്ത് പുഴയോരത്ത് കെട്ടിയ രണ്ട് തോണികൾ ഒലിച്ചുപോയി.

ചരിത്രത്തിൽ ആദ്യമായി അഴിമുഖം വെള്ളം ഇറങ്ങി അടിത്തട്ട് കണ്ടതും പൊന്നാനിക്കാർക്ക് മറ്റൊരു അത്ഭുതമായി. കടൽ തിരമാലകളില്ലാതെ ശാന്തമായത് ഭീതിജനിപ്പിച്ചു. ഉച്ചയ്ക്ക് രണ്ടരമണിയോടെതന്നെ ഹാർബറിലെ മുന്നൂറിൽപരം ബോട്ടുകൾ കരയ്ക്കണഞ്ഞു.

പരപ്പനങ്ങാടി, അരിയല്ലൂർ ഭാഗങ്ങളിൽ നിന്ന് വലിയ ചുണ്ടൻവള്ളങ്ങൾ ബേപ്പൂർ തുറമുഖത്തേക്ക് മാറ്റിയിട്ടുണ്ട്.

കൂട്ടായിയിൽ 11മണിയോടെ കടൽ ക്ഷോഭിച്ചു. കറുത്തുകലങ്ങിയ വെള്ളം കരയിലേക്ക് അടിച്ചുകയറി. ഉച്ചയ്ക്ക് ഒന്നരവരെ എട്ടുതവണ ഇത്തരത്തിൽ വൻ തിരമാലകൾ കരയിലേക്ക് അടിച്ചുകയറിയതായി മത്സ്യത്തൊഴിലാളികൾ പറഞ്ഞു. കടലിൽ കെട്ടിയിട്ടിരുന്ന അനേകം തോണികൾ കെട്ടുപൊട്ടി കരയ്ക്കടിഞ്ഞു. പൊന്നാനിയിൽനിന്നും വന്ന ഒരു മത്സ്യബന്ധനബോട്ട് പെട്ടെന്നു വെള്ളം കുറഞ്ഞതിനെത്തുടർന്ന് മണലിൽ കുടുങ്ങി. വേലിയേറ്റത്തെത്തുടർന്നാണ് ബോട്ടിന് കരയ്ക്കെത്താനായത്.

ടി.കെ. ഹംസ എം.പി, എം.പി. ഗംഗാധരൻ എം.എൽ.എ, ജില്ലാകളക്ടർ എം. ശിവശങ്കർ എന്നിവർ പൊന്നാനിയിലെ കടൽക്ഷോഭ മേഖലകൾ സന്ദർശിച്ചു.

ഉത്സവപ്പിറ്റേന്ന് കൂട്ട മരണത്തിന്റെ കരിമ്പടം

കൊല്ലം: ക്രിസ്മസ് രാവിന്റെ ആലസ്യത്തിൽ നിന്ന് കൊല്ലത്തിന്റെ തീരദേശത്തെ കൂട്ടിക്കൊണ്ടുപോയത് കൂട്ടമരണത്തിന്റെ കരിങ്കടൽ. പാതിരാകുർബാനയും കരോൾഗാനങ്ങളും ദൈവസ്തുതികളും പുലരുവോളം നീണ്ടപ്പോൾ ശനിയാഴ്ച രാത്രിയും ഞായറാഴ്ച പുലർച്ചെയും കൊല്ലത്തിന്റെ തീരദേശങ്ങളിൽ ആഘോഷമായിരുന്നു. കട്ടമരങ്ങളിലും കൊച്ചുവള്ളങ്ങളിലും ഞായറാഴ്ച രാവിലെ മത്സ്യത്തൊഴിലാളികൾ തീരംവിടുംവരെ അറബിക്കടൽ സാധാരണപോലെയായിരുന്നു.

10 മണിയോടെയാണ് കൊല്ലത്തുകാർക്ക് തീർത്തും അപരിചിതമായ കടൽകയറ്റത്തിന്റെ വാർത്തകൾ വന്നു തുടങ്ങിയത്. ചില വീടുകളിൽ വെള്ളംകയറിയെന്നും വീട്ടുസാധനങ്ങൾ നശിച്ചെന്നുമുള്ള അറിയിപ്പുകൾ ആദ്യം. തങ്കശ്ശേരി, തിരുമുല്ലവാരം, വാടി, നീണ്ടകര, ശക്തികുളങ്ങര തുടങ്ങിയ പ്രദേശങ്ങളിലായിരുന്നു. തുടക്കത്തിൽ കടൽകയറ്റം. കടൽ കരയിലേക്ക് കയറുകയും നിമിഷനേരം കൊണ്ട് തിരിച്ചിറങ്ങുകയും ചെയ്യുന്നുവെന്നറിഞ്ഞപ്പോൾ കൊല്ലത്തുനിന്ന് തീരപ്രദേശത്തേക്ക് ജനങ്ങളുടെ ഇരച്ചുകയറ്റമായി. ഒരൊ ഴിവു ദിനത്തിന്റെ ആലസ്യത്തിൽ കടൽ കൗതുകത്തിന്റെ കാഴ്ചകൾ കാണാതായവരിൽ ഏറെയും കുഞ്ഞുങ്ങൾ. വള്ളിക്കീഴ് സാധുപുരം ലൂണിയുടെയും അപ്പുവിന്റെയും മക്കൾ അഖില(9), അഖിലേഷ് (7), അഴീക്കൽ പടവൂർ പ്രദീപിന്റെ മകൾ ശ്രീലക്ഷ്മി (6), കടവിൽ വീട്ടിൽ ശോഭയുടേയും ഗോപിയുടേയും മക്കളായ അഞ്ജന (8), ഗോപിക (3), അഴീക്കൽ പടമേൽ വീട്ടിൽ സുരേഷിന്റെ മക്കളായ നിത.... കാണാതായ കുഞ്ഞുങ്ങളുടെ എണ്ണം ഏറുകയാണ് ഇവർ എവിടെ ? നെഞ്ചിടിപ്പോടെ ഇന്നുജീവിച്ചിരിക്കുന്ന ഓരോ അഴീക്കൽക്കാരനും ചോദിക്കുന്നു.

കടലിൽ മീൻ പിടിക്കാൻ പോയിരുന്ന മത്സ്യത്തൊഴിലാളികൾ ഞായറാഴ്ചയുടെ സന്ധ്യയിൽ കരുനാഗപ്പള്ളിയിലെയും ഓച്ചിറയിലെയും ആശുപത്രികളിലേക്ക് പാഞ്ഞെത്തി അവരുടെ പ്രിയപ്പെട്ടവരെ തിരയുന്നുണ്ടായിരുന്നു. മൃതദേഹങ്ങളുമായി സ്ട്രെച്ചറുകൾ അവർക്കു മുന്നിലൂടെ പാഞ്ഞുപോയി. ഓച്ചിറ സ്റ്റാർ ഹോസ്പിറ്റലിന്റെ മോർച്ചറിയിലേക്ക് അഴീക്കൽ തുപ്പാശ്ശേരിൽ നിമിഷ എന്ന ഒന്നര വയസ്സുകാരിയുടെ മൃതദേഹം വെള്ളയിൽ പൊതിഞ്ഞ് കൊണ്ടുപോയപ്പോൾ, ആ കുരുന്നിന്റെ ബന്ധുക്കളാരോ നിലവിട്ടു കരഞ്ഞു. ക്രിസ്മസ് ഉത്സവപ്പിറ്റേന്ന് കൊല്ലത്തിന്റെ തീരപ്രദേശം കൂട്ടമരണത്തിന്റെ കരിമ്പടത്തിനുള്ളിലായി.

അടിയന്തര സഹായത്തിന് നടപടികൾ; മന്ത്രി പാട്ടീൽ നേരിട്ട് നേതൃത്വം നൽകും

മനോജ് മേനോൻ

ന്യൂഡൽഹി: സുനാമി മൂലമുണ്ടായ വൻദുരന്തം നേരിടാൻ അടിയന്തര രക്ഷാപ്രവർത്തനങ്ങൾക്ക് ഞായറാഴ്ച വൈകിട്ടു ചേർന്ന കേന്ദ്രസർക്കാരിന്റെ പ്രതിസന്ധിനിവാരണ സമിതി രൂപം കൊടുത്തു.

ഇതനുസരിച്ച് ദുരന്തബാധിത പ്രദേശങ്ങളിലെ രക്ഷാപ്രവർത്തനങ്ങൾക്ക് നേരിട്ട് നേതൃത്വം നൽകാൻ ആഭ്യന്തര മന്ത്രി ശിവരാജ് പാട്ടീലിനെ യോഗം ചുമതലപ്പെടുത്തി. പാട്ടീൽ ആന്ധ്രപ്രദേശ്,തമിഴ്നാട് എന്നീ സംസ്ഥാനങ്ങൾ സന്ദർശിക്കും.കേരളത്തിലെത്തുമെന്നും സൂചനയുണ്ട്. നാശനഷ്ടങ്ങൾ നേരിടുന്നതിന് സംസ്ഥാനങ്ങൾ ആവശ്യപ്പെട്ടാൽ സാമ്പത്തിക സഹായം നൽകുമെന്ന് പ്രധാനമന്ത്രി ഡോ. മൻമോഹൻ സിങ് പറഞ്ഞു. കേന്ദ്രമന്ത്രിമാരായ മണിശങ്കർ അയ്യരും ദയാനിധി മാരനും രാവിലെ തന്നെ തമിഴ്നാട്ടിലെത്തി രക്ഷാപ്രവർത്തനങ്ങൾക്ക് നേതൃത്വം നല്കുന്നുണ്ട്. ശിവരാജ് പാട്ടീൽ തിരിച്ചുവന്ന ശേഷം പ്രധാനമന്ത്രിയും ദുരിതബാധിത സംസ്ഥാനങ്ങൾ സന്ദർശിച്ചേക്കുമെന്നറിയുന്നു.

കൂടുതൽ നാശനഷ്ടങ്ങളുണ്ടായ തമിഴ്നാട് കേന്ദ്രീകരിച്ച് രക്ഷാപ്രവർത്തനങ്ങൾ ആവിഷ്കരിക്കാൻ കര-നാവിക-വ്യോമ സേനകൾക്ക് സർക്കാർ നിർദ്ദേശം നൽകിയിട്ടുണ്ട്.ആന്ധ്രപ്രദേശ്,തമിഴ്നാട് ,പോണ്ടിച്ചേരി എന്നീ സംസ്ഥാനങ്ങളിലേക്ക് മെഡിക്കൽ സംഘങ്ങളെ അയയ്ക്കാൻ കേന്ദ്ര ആരോഗ്യ മന്ത്രാലയം തീരുമാനിച്ചു.

ദുരന്ത മേഖലകളിൽ രക്ഷാ പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകാൻ പാട്ടീൽ ഞായറാഴ്ച വൈകിട്ടുതന്നെ ഹൈദരാബാദിൽ എത്തി. തിങ്കളാഴ്ച തമിഴ്നാട് സന്ദർശിക്കും. തിങ്കളാഴ്ച വൈകിട്ടോ ചൊവ്വാഴ്ചയോ അദ്ദേഹം കേരളവും സന്ദർശിച്ചേക്കുമെന്ന് അറിയുന്നു. പ്രതിരോധ, വ്യോമ, ഷിപ്പിംഗ് മന്ത്രാലയങ്ങളും മൂന്ന് സേനാവിഭാഗങ്ങളും യോജിച്ച് രക്ഷാപ്രവർത്തനങ്ങൾ ആവിഷ്കരിക്കാനാണ് വെള്ളിയാഴ്ച വൈകിട്ടു ചേർന്ന പ്രതിസന്ധി നിവാരണ സമിതി യോഗം തീരുമാനിച്ചിരിക്കുന്നത്.ചെന്നൈ കേന്ദ്രീകരിച്ചായിരിക്കും ഇവരുടെ പ്രവർത്തനമെന്ന് യോഗത്തിന് ശേഷം കാബിനറ്റ് സെക്രട്ടറി ബി.കെ.ചതുർവേദി പറഞ്ഞു. ദുരന്തബാധിത സ്ഥലങ്ങളിൽ ഭക്ഷണവും മരുന്നുകളും എത്തിക്കാൻ വ്യോമസേനയ്ക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.പ്രശ്നപ്രദേശങ്ങളിലുള്ളവർ ആവശ്യപ്പെട്ടാൽ കൂടുതൽ വിമാന സർവ്വീസുകൾ വ്യോമ മന്ത്രാലയം ഏർപ്പെടുത്തും.

ജയിലുകൾ തകർന്നു; 504 തടവുകാർ രക്ഷപ്പെട്ടു

കൊളംബോ: സുനാമി തിരമാലയിൽ ശ്രീലങ്കയിലും ഇൻഡൊനീഷ്യയിലുമായി രണ്ട് ജയിലുകൾ തകർന്നതിനെത്തുടർന്ന് 504 തടവുകാർ രക്ഷപ്പെട്ടു.

ശ്രീലങ്കയിൽ കൊളംബോയിൽ നിന്ന് 160 കിലോമീറ്റർ അകലെയുള്ള മാടാറ ജയിലാണ് തകർന്നത്. ശക്തമായി ഉയർന്നുപൊങ്ങിയ തിരമാലകൾ ജയിൽ ഭിത്തിയിലിടിച്ചാണ് ജയിൽ തകർന്നത്.

ജയിൽ തകർന്ന ഉടൻ ഇവിടെയുണ്ടായ 300 തടവുകാർ രക്ഷപ്പെടുകയായിരുന്നു. പതിനാറാം നൂറ്റാണ്ടിൽ ഡച്ചുകാർ പണിത കോട്ടയ്ക്കുള്ളിലാണ് ജയിൽ ഉള്ളത്.

ഇൻഡൊനീഷ്യയിലെ അച്ചേ പ്രവിശ്യയിലെ ജയിലാണ് സുനാമിയിൽപ്പെട്ട് തകർന്നത്. ഇവിടെയുള്ള 204 തടവുകാർ രക്ഷപ്പെട്ടതായി പോലീസ് മേധാവി അലി താരുന്നാജയ പറഞ്ഞു.

മാർപാപ്പ അനുശോചിച്ചു

വത്തിക്കാൻസിറ്റി: ഏഷ്യയിൽ ഭൂകമ്പത്തിൽപ്പെട്ട് ആയിരക്കണക്കിനാളുകൾ മരിച്ച സംഭവത്തിൽ ജോൺ പോൾ രണ്ടാമൻ മാർപാപ്പ അഗാധമായ ദുഃഖം രേഖപ്പെടുത്തി.

ഇൻഡൊനീഷയിലും ശ്രീലങ്ക, ഇന്ത്യ, ബംഗ്ലാദേശ്, മ്യാൻമർ, തായ്ലൻഡ്, മലേഷ്യ, മാൽദ്വീപ് എന്നിവിടങ്ങളിലും ദുരിതം വിതച്ച ഭൂകമ്പവും വൻ തിരമാലകളും ക്രിസ്മസിന്റെ ആഘോഷപ്പൊലിമ ദുഃഖത്തിലേക്ക് വഴിമാറ്റി.

ദുരന്തത്തിനിരയായവർക്കായി പ്രാർഥിക്കുന്നതോടൊപ്പം, ദുരിതബാധിത മേഖലയിലെ ആളുകൾക്ക് സഹായമെത്തിക്കാൻ ലോകസമൂഹം സന്നദ്ധമാവുമെന്ന് പ്രതീക്ഷിക്കുന്നതായി മാർപാപ്പ പറഞ്ഞു.

കെ.പി.സി.സി. കൺട്രോൾ റൂം തുറന്നു

തിരുവനന്തപുരം: ദുരിതാശ്വാസ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കാൻ കെ.പി.സി.സി. ആസ്ഥാനത്തും തിരുവനന്തപുരം, കൊല്ലം, ആലപ്പുഴ ഡി.സി.സി.കളിലും കൺട്രോൾറൂം തുറന്നു. ചുമതലക്കാരുടെ പേരും ഫോൺ നമ്പരും- കെ.പി.സി.സി. ഓഫീസ്: മുല്ലപ്പള്ളി രാമചന്ദ്രൻ, 0471-2721401.

തിരുവനന്തപുരം ഡി.സി.സി. -എൻ.പീതാംബരക്കുറുപ്പ്: 0471-2322444, 0471-2444833.

കൊല്ലം: കെ.കരുണാകരൻ പിള്ള: 0474-2796934, ചന്ദ്രസേനൻ: 0474-2749100.

ആലപ്പുഴ: ഷുക്കൂർ: 0477-2251413.

ജനങ്ങൾ ആശങ്കപ്പെടേണ്ടതില്ല -ചീഫ് സെക്രട്ടറി

തിരുവനന്തപുരം: കടൽക്ഷോഭത്തെത്തുടർന്ന് കേരളത്തിന്റെ തീരപ്രദേശങ്ങളിൽ പ്രത്യേകിച്ച് കൊച്ചിക്ക് തെക്കോട്ട് സമുദ്രനിരപ്പിൽ ഉണ്ടായ മാറ്റങ്ങൾ വർദ്ധിച്ചുവരുന്നതായി കാണുന്നില്ല എന്ന് ചീഫ് സെക്രട്ടറി ബാബു ജേക്കബ് അറിയിച്ചു. തീരപ്രദേശത്തെ നിരീക്ഷണത്തിനായി ഓരോ വിമാനവും ഹെലികോപ്ടറും കൊച്ചിയിൽനിന്നും തിരുവനന്തപുരത്തേക്ക് അയച്ചിട്ടുണ്ട്. കടലിൽ അകപ്പെട്ടിട്ടുള്ളവർക്ക് അടിയന്തരസഹായം എത്തിക്കും.

ബോട്ടുകൾ ഭദ്രമായി കെട്ടിയിടണം

തിരുവനന്തപുരം: വിഴിഞ്ഞം തീരപ്രദേശങ്ങളിൽ ബോട്ടുകൾ വെള്ളത്തിൽ ഒലിച്ചുപോകാതിരിക്കാൻ ഭദ്രമായി കെട്ടിയിടണമെന്ന് പോർട്ട് ഡയറക്ടർ ക്യാപ്ടൻ ചന്ദ്രശേഖരൻനായർ അറിയിച്ചു. കടൽ ഇപ്പോൾ ശാന്തമാണെങ്കിലും വീണ്ടും ക്ഷോഭമുണ്ടായിക്കൂടെന്നില്ല എന്ന് അദ്ദേഹം പറഞ്ഞു. മുൻകരുതൽ എന്ന നിലയ്ക്ക് ബോട്ടുകൾ നല്ല വണ്ണം കെട്ടി ഉറപ്പുവരുത്തേണ്ടതാണ്.

ആലപ്പുഴവഴി തീവണ്ടി സർവീസ് റദ്ദാക്കി

തിരുവനന്തപുരം: ആലപ്പുഴ വഴിയുള്ള തീവണ്ടി സർവീസ് റദ്ദാക്കി. ഞായറാഴ്ച രാത്രി മുതൽ ഇതുവഴിയുള്ള തീവണ്ടികളെല്ലാം കോട്ടയംവഴി തിരിച്ചുവിട്ടതായി റെയിൽവേ കൺട്രോൾ റൂം അറിയിച്ചു.

അമ്മയുടെ വിരൽത്തുമ്പിൽനിന്ന് കൈക്കുഞ്ഞ് ഊർന്നുപോയി

കൊല്ലം: ഒരുവയസ്സുകാരി ശ്രീലക്ഷ്മിയെ നഷ്ടപ്പെട്ടതു വിശ്വസിക്കാനാകാതെ കരയുന്ന അഴീക്കൽ അയ്യത്തുവീട്ടിൽ ശ്രീജയെ ആശ്വസിപ്പിക്കാൻ ആർക്കും കഴിയുന്നില്ല. കൺമുന്നിൽ ഉയർന്നുപൊങ്ങിയ വെള്ളത്തിൽ നിന്നു രക്ഷനേടാൻ മേൽക്കൂരയിലെ കഴുക്കോലിൽ ഞാന്നുകിടക്കുമ്പോൾ പൊന്നുമകൾ ശ്രീലക്ഷ്മി വിരൽത്തുമ്പിലുണ്ടായിരുന്നു. വെള്ളത്തിന്റെ തിരിച്ചൊഴുക്കിൽ മകളും പോയത് വൈകിയാണ് ശ്രീജ മനസ്സിലാക്കിയത്. രാവേറിയിട്ടും ശ്രീലക്ഷ്മിയുടെ മൃതദേഹം കണ്ടെത്തിയില്ല. അപകടത്തിൽ ഭർത്താവ് സുധിക്കും അമ്മ സുഷമയ്ക്കും പരിക്കുപറ്റി.

വിരൽത്തുമ്പിൽനിന്ന് ഊർന്നുപോയ കുഞ്ഞിനെ ഓർത്ത് വിലപിക്കുന്ന അമ്മ ശ്രീജ

രണ്ടാം ജന്മത്തിലും അവർ ഒന്നിച്ചു

ആറാട്ടുപുഴ: തിരമാലകൾക്കൊപ്പം ജ്യേഷ്ഠത്തി ഒഴുകി തീരത്തെത്തിയപ്പോൾ പിന്നാലെ അനുജത്തിയും. തൃക്കുന്നപ്പുഴ പേരംപാച്ചിൽ ശാന്തമ്മ (42)യും അനുജത്തി കൊച്ചുതറ ചെമ്പിശ്ശേരിയിൽ തങ്കമണി (40)യും രണ്ടാം ജന്മത്തിലും ഒന്നിച്ചു. ബുധനാഴ്ച ഉച്ചയ്ക്ക് ഒരുമണിയോടെയാണ് ശാന്തമ്മയേയും മറ്റുള്ളവരെയും തിരമാലകൾ വിഴുങ്ങിയത്. രക്ഷപ്പെടാൻ അടുത്തുള്ള തണൽമരത്തിൽ കെട്ടിപിടിച്ച് കിടന്നു. തിര ഒഴുകി അടുത്തുള്ള വീടിനകത്ത് ചെന്നു. പിന്നെ ആവീട് തകർന്നു. വീണ്ടും ഒഴുകി. ഒരുകന്നാസിൽ പിടികിട്ടിയതിനാൽ ശാന്തമ്മ രക്ഷപ്പെട്ടു. മുങ്ങിയും പൊങ്ങിയും കായൽതീരത്ത് എത്തിയ ശാന്തമ്മയെ വൃദ്ധദമ്പതിമാർ രക്ഷിക്കുകയായിരുന്നു. ശാന്തമ്മ കരയിൽ കയറിയപ്പോഴാണ് പിന്നാലെ അനുജത്തി തങ്കമണി ഒഴുകി വരുന്നത് കണ്ടത്. തങ്കമണിയെയും രക്ഷാപ്രവർത്തകർ രക്ഷിച്ചു.

നാലുമാസക്കാരനെ അമ്മ തലയിലേന്തി രക്ഷിച്ചു

കൊല്ലം: തല്ലയ്ക്കുമീതെ പൊന്തിയ കടൽ വെള്ളത്തിൽനിന്നു നാലുമാസം മാത്രം പ്രായമുള്ള അശ്വിനെ രക്ഷിച്ചത് അമ്മ പ്രിയയുടെ മനോധൈര്യമാണ്. വെള്ളം ഇരച്ചുകയറി അടിതെറ്റി വീഴാൻ തുടങ്ങുമ്പോഴും ഇളയമകനായ അശ്വിനെ തല്ലയ്ക്കുമീതെ അമ്മ ഉയർത്തിപ്പിടിച്ചു. വീണ്ടും വെള്ളം ഉയർന്നപ്പോൾ മകനുമായി പുരമുകളിൽ ഞാന്നു. ഒന്നരവയസ്സുള്ള മൂത്തമകൾ അഭിരാമിയെ തലമുടിയിൽ പിടിച്ച് ഉയർത്തി തെങ്ങിൽ കയറിനിന്നാണ് ബന്ധുവായ യുവാവ് രക്ഷിച്ചത്. അഴീക്കൽ കെ.ബി. മംഗലത്തിൽ അഭിലാഷിന്റെ ഭാര്യയാണ് പ്രിയ. അഴീക്കലുള്ള സ്വന്തം വീട് കടലെടുക്കുമെന്നു ഭയന്ന് പ്രിയയെയും കുട്ടികളെയും ബന്ധുവീട്ടിലേക്കു അഭിലാഷ് പറഞ്ഞു വിടുകയായിരുന്നു. ഇവിടെയാണ് ഇവർ അപകടത്തിൽപ്പെട്ടതും.

തല്ലയ്ക്കുമീതെ പൊങ്ങിയ കടൽവെള്ളത്തിൽ നിന്ന് കുഞ്ഞിനെ തലയിലേന്തി രക്ഷിച്ച അമ്മയും നാലുമാസം പ്രായമുള്ള കുഞ്ഞും

സുനാമി മുൻകൂട്ടി അറിയാൻ സംവിധാനമില്ല

ന്യൂഡൽഹി: അപ്രതീക്ഷിതമായി കടന്നുവന്ന സുനാമിയെക്കുറിച്ചു മുന്നറിയിപ്പു നല്കാൻ കഴിയാതിരുന്നതാണ് മരണസംഖ്യ കൂടാൻ കാരണമായതെന്ന് വിദഗ്ധർ അറിയിച്ചു. വൻഭൂകമ്പങ്ങൾക്കുശേഷം തുടർചലനങ്ങളുണ്ടാകുമെന്നതിനാൽ രണ്ടുമൂന്നു ദിവസംകൂടി ജാഗ്രത പുലർത്തേണ്ടതുണ്ട്. എന്നാൽ, തുടർ ചലനങ്ങൾക്കു താരതമ്യേന ശക്തികുറയുമെന്നതിനാൽ വലിയതോതിലുള്ള സുനാമിയെക്കുറിച്ചു ഭയപ്പെടേണ്ടതില്ലെന്നും വിദഗ്ധർ പറഞ്ഞു. സുനാമി മുൻകൂട്ടി മനസ്സിലാക്കാനോ പൊതുജനങ്ങൾക്കു മുന്നറിയിപ്പു നല്കാനോ രാജ്യത്തു നിലവിൽ സംവിധാനമില്ല. വൻഭൂകമ്പങ്ങൾ നിരവധിയുണ്ടായിട്ടുണ്ടെങ്കിലും അതിനു പിന്നാലെ സുനാമിയുണ്ടാകുന്നത് ആദ്യമായാണ്. അതിനാൽ മുൻകരുതലെടുക്കാതിരുന്നതിനെക്കുറിച്ചു പരാതി പറയുന്നതിൽ അർഥമില്ലെന്ന് ശാസ്ത്ര, സാങ്കേതിക വകുപ്പു സെക്രട്ടറി ഡോ.വി.എസ്. രാമമൂർത്തി 'മാതൃഭൂമി'യോടു പറഞ്ഞു.

മറീനാ ബീച്ചിൽ മരിച്ചവരിൽ രണ്ട് മലയാളികൾ

ചെന്നൈ: ഭൂമികുലുക്കത്തെ തുടർന്നുണ്ടായ കടൽക്ഷോഭത്തിൽ ചെന്നൈയിൽ മരിച്ചവരിൽ രണ്ടു മലയാളികളും. ചാലക്കുടി കരൂർ ചക്കാലിക്കൽ വീട്ടിൽ ലൈസ (37), തൃശൂർ അഷ്ടമിച്ചിറ തെക്കോത്ത് ഹൗസിൽ പൗലോസിന്റെ മകൻ ജിയോ (20) എന്നിവരാണ് മരിച്ചത്. ഇരുവരും അടുത്ത ബന്ധുക്കളാണ്. ലൈസയുടെ ഭർത്താവ് സ്റ്റീഫൻ, മക്കളായ ക്രിസ്റ്റീന, അനീന എന്നിവർ അദ്ഭുതകരമായി രക്ഷപ്പെട്ടു. ഞായറാഴ്ച രാവിലെ മറീനാ ബീച്ചിൽ എത്തിയതായിരുന്നു ഇവർ.

ലൈസ



ജിയോ

പുണെയിൽ ബിസിനസുകാരനായ സ്റ്റീഫനും കുടുംബവും ക്രിസ്മസ് ആഘോഷിക്കാനാണ് വെള്ളിയാഴ്ച പെരമ്പൂരിൽ താമസിക്കുന്ന ബന്ധുവായ പൗലോസിന്റെ വീട്ടിലെത്തിയത്. ഞായറാഴ്ച രാവിലെ എട്ടരയോടെ ജിയോവിനൊപ്പം മറീനാ കടൽക്കരയിലെത്തിയ ഇവർ കടലിലിറങ്ങിയപ്പോഴാണ് അപകടത്തിൽപെട്ടത്. രണ്ടുമക്കളെയും രക്ഷപ്പെടുത്തി കരയ്ക്കെത്തിക്കാൻ സ്റ്റീഫന് കഴിഞ്ഞെങ്കിലും ഭാര്യ ലൈസയെയും ബന്ധുവായ ജിയോയെയും രക്ഷിക്കാൻ സാധിച്ചില്ല.

ചാലക്കുടി കുറ്റിക്കാട്ടിൽ തീരത്തെ വീട്ടിലെ അംഗമായ സ്റ്റീഫൻ പുണെയിൽ ബിസിനസുകാരനാണ്. ക്രിസ്മസ് ആഘോഷിച്ച് ഞായറാഴ്ച തിരിച്ചുപോകാനിരുന്നതാണ്.

സ്റ്റീഫന്റെ അമ്മയുടെ അനുജത്തിയുടെ ഭർത്താവാണ് പൗലോസ്. പൗലോസിന്റെ മകനാണ് മരിച്ച ജിയോ. ചെന്നൈയിലെ ജെ.പി.ആർ. കോളേജിൽ എഞ്ചിനിയറിങ് വിദ്യാർഥിയായിരുന്നു. പെരമ്പൂരിലെ മുനിയപ്പൻ ചെട്ടി തെരുവിലാണ് ഇവർ താമസിച്ചത്.

രക്ഷാ പ്രവർത്തനങ്ങളിൽ അപാകം; നാട്ടുകാർ ദേശീയപാത ഉപരോധിച്ചു

കൊല്ലം: രക്ഷാപ്രവർത്തനങ്ങളിൽ അപാകം ആരോപിച്ച് നാട്ടുകാർ ഞായറാഴ്ച അർധരാത്രിയോടെ കരുനാഗപ്പള്ളിയിൽ ദേശീയപാത ഉപരോധിച്ചു. ആലപ്പാട് പ്രദേശത്ത് കുടുങ്ങിക്കിടക്കുന്നവർക്കായി ഞായറാഴ്ച രാത്രി തന്നെ രക്ഷാപ്രവർത്തനങ്ങൾ ആരംഭിക്കണമെന്ന് നാട്ടുകാർ ആവശ്യപ്പെട്ടു. ശീതീകരണ സംവിധാനങ്ങൾ ഇല്ലാത്ത ആശുപത്രികളിലാണ് മൃതദേഹങ്ങൾ സൂക്ഷിച്ചിരിക്കുന്നതെന്നും ഇതിനു പരിഹാരം കാണണമെന്നും നാട്ടുകാർ ശഠിച്ചു. ഉപരോധ സമരത്തെത്തുടർന്ന് ദേശീയപാതയിൽ വാഹന ഗതാഗതം തടസ്സപ്പെട്ടു. വാഹനങ്ങൾ പോലീസ് വഴിതിരിച്ചുവിട്ടു.

കൺട്രോൾ റൂം ഫോൺ നമ്പരുകൾ

തിരുവനന്തപുരം സെക്രട്ടേറിയറ്റ്: (റൂം നമ്പർ 529, സൗത്ത് സാൻഡ്വിച്ച് ബ്ലോക്ക്) 0471-2333198, 0471-2518700. മൊബൈൽ: 9447700116. കൊല്ലം കലക്ടറേറ്റ്: 0474-2795186, 0474-2793473.

മറീനാ ബീച്ചിൽ നിലയ്ക്കാത്ത നിലവിളികൾ.....

പ്രശാന്ത് കാനത്തൂർ

ചെന്നൈ: വശ്യചാരുതയും കടൽക്കാറ്റിന്റെ നനുത്ത സാമീപ്യവും കൊണ്ടനുഗ്രഹിക്കപ്പെട്ട ചെന്നൈ മറീനാ കടൽക്കരയിൽ ഞായറാഴ്ച ഉയർന്നുകേട്ടത് ജനങ്ങളുടെ നിലയ്ക്കാത്ത ദീനരോദനമായിരുന്നു. ഭൂമികുലുക്കത്തെ തുടർന്നുണ്ടായ കടൽക്ഷോഭം കടൽക്കരയെയാകമാനം ഛിന്നഭിന്നമാക്കി.

വീട്ടിൽ നിന്നും പുലർച്ചെ നടക്കാനിറങ്ങിയവർ, ക്രിക്കറ്റ് കളിക്കാനായി കടൽക്കരയിലെത്തിയ കൊച്ചുകുട്ടികൾ അവരൊക്കെ എവിടെപ്പോയെന്ന വീട്ടുകാരുടെ അന്വേഷണങ്ങൾ അവസാനിച്ചത് മറീന കടൽക്കരയിലായിരുന്നു. കടലിൽനിന്ന് കരയിൽ തകർന്നടിഞ്ഞ സാധനസാമഗ്രികൾക്കിടയിൽ നിന്നും കണ്ടെടുക്കുന്ന മൃതദേഹങ്ങൾ തങ്ങളുടെ ഉറ്റവരുടേതാണോ എന്ന് നെഞ്ചിടിപ്പോടെ പരിശോധിക്കുന്ന ബന്ധുജനങ്ങൾ. ശാന്തവും സ്വച്ഛന്ദവുമായ മറീനയുടെ മുഖച്ഛായ ഞായറാഴ്ച രാവിലെ കടൽക്ഷോഭം നിമിത്തം ആകെ കലങ്ങി മറിഞ്ഞിരിക്കുകയായിരുന്നു. കലങ്ങി മറിയുന്ന തിരമാലകളിൽ കരഞ്ഞു കുതിർന്ന കണ്ണുകളോടെ തങ്ങളുടെ ഉറ്റവരെ തേടുന്ന ബന്ധുക്കളുടെ കാഴ്ച ഹൃദയഭേദകമായിരുന്നു.

സൈറൺ മുഴക്കിക്കൊണ്ടുപോകുന്ന പോലീസ് വാഹനങ്ങൾ. അപായമണി മുഴക്കിക്കൊണ്ട് കുതിച്ചുപായുന